# കേരളസർവകലാശാല

നം.പി.ആർ.05/2023

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല നടത്തിയ അഞ്ചാം സെമസ്റ്റർ എം.സി.എ. (റെഗുലർ & സപ്ലിമെന്ററി – 2015 സ്കീം), ജൂലൈ 2022 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ഫെബ്രുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എൽ.എൽ.എം. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ 2023 ജനുവരി 23 – നകം ഓഫ്‌ലൈനായി സർവകലാശാല ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### കേരളസർവകലാശാല:പ്രൈവറ്റ് രജിസ്ട്രേഷന് ജനുവരി 11 മുതൽ അപേക്ഷിക്കാം

കേരളസർവകലാശാല 2022 – 23 അക്കാദമിക് വർഷത്തിലെ ബി.എ./ബി.കോം./ബി.എ.അഫ്സൽ–ഉൽ–ഉലാമ/ബി.ബി.എ./ബി.കോം. അഡീഷണൽ ഇലക്ടീവ് കോ–ഓപ്പറേഷൻ എന്നീ കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന 2023 ജനുവരി 11 മുതൽ അപേക്ഷിക്കാം. അപേക്ഷകൾ പിഴകൂടാതെ ജനുവരി 20 വരെ സ്വീകരിക്കുന്നതാണ്. അപേക്ഷയും അനുബന്ധരേഖകളും അവസാന തീയതിക്കുള്ളിൽ കേരളസർവകലാശാല തപാൽ വിഭാഗത്തിൽ എത്തിക്കേണ്ടതാണ്. വിജ്ഞാപനത്തിന്റെ വിശദവിവരങ്ങൾ www.de.keralauniversity.ac.in, www.keralauniversity.ac.in എന്നീ വെബ്സൈറ്റുകളിൽ ജനുവരി 11 മുതൽ ലഭ്യമാകുന്നതാണ്.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2022 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്. ബി.സി.എ. (332) (റെഗുലർ – 2020 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2018 – 2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2013 – 2016 അഡ്മിഷൻ) പരീക്ഷകളുടെ പ്രായോഗിക പരീക്ഷകൾ 2023 ജനുവരി 16 മുതൽ 19 വരെയുള്ള തീയതികളിൽ അതാത് കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാല 2023 ഫെബ്രുവരി 14 ന് ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി. മേഴ്സിചാൻസ് പരീക്ഷകൾക്ക് ഓഫ്‌ലൈനായി പിഴകൂടാതെ ജനുവരി 18 വരെയും 150 രൂപ പിഴയോടെ ജനുവരി 21 വരെയും 400 രൂപ പിഴയോടെ ജനുവരി 24 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഫെബ്രുവരി 14 ന് ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ./ബി.കോം./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷകൾക്ക് പിഴകൂടാതെ ജനുവരി 18 വരെയും 150 രൂപ പിഴയോടെ ജനുവരി 21 വരെയും 400 രൂപ പിഴയോടെ ജനുവരി 24 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക്

കേരളസർവകലാശാല അറബി വിഭാഗം നടത്തി വരുന്ന ഹ്രസ്വകാല കമ്മ്യൂണിക്കേറ്റീവ് അറബിക് കോഴ്സിന്റെ പതിനൊന്നാമത് ബാച്ചിലേക്കുള്ള അപേക്ഷ ക്ഷണിച്ചു. യോഗ്യത:പ്ലസ്ടു/തത്തുല്യം, ഫീസ്: 6000 രൂപ, കാലാവധി: 6 മാസം. അപേക്ഷാഫോം കാര്യവട്ടത്തുള്ള അറബി വിഭാഗം ഓഫീസിലും, വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിലും (www.arabicku.in) ലഭ്യമാണ്. 2023 ജനുവരി 20 വൈകുന്നേരം 5 മണിക്ക് മുമ്പ് അപേക്ഷ ഫോം പൂരിപ്പിച്ച് വകുപ്പിൽ എത്തിക്കുക. വിശദവിവരങ്ങൾക്ക്: 0471 2308846/ 9562722485

## ജർമ്മൻ A1 (Deutsch A1) ഹ്രസ്വകാല കോഴ്സിന് അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല ജർമ്മൻ പഠനവിഭാഗം നടത്തുന്ന ജർമ്മൻ A1 (Deutsch A1) ഹ്രസ്വകാല കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത:പ്ലസ് ടു/തത്തുല്യ യോഗ്യത, കോഴ്സ്ഫീസ്: Rs.8000/- കാലയളവ്: 80മണിക്കൂർ (2 മുതൽ 3 മാസം), സമയം: 5.30 pm to 7.00 pm (തിങ്കൾ മുതൽ വെള്ളി), ആകെ സീറ്റ്: 30, അപേക്ഷാഫീസ് 105 രൂപയും രജിസ്ട്രേഷൻ ഫീസ് 105 രൂപയുമാണ് (payable at University Cash Counter or online). അപേക്ഷാഫോം ജർമ്മൻ ഡിപ്പാർട്മെന്റ് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. (https://www.keralauniversity.ac.in/dept/dept-home). പൂരിപ്പിച്ച അപേക്ഷകൾ 2023 ജനുവരി 23, 4.00 pm വരെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസ്സിൽ സ്ഥിതി ചെയ്യുന്ന ജർമ്മൻ പഠനവിഭാഗത്തിൽ സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം,
09.01.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity
website: www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**